ശൂർപ്പണഖ

വി. എം. ഗിരിജ

ശൂർപ്പണഖ
വി. എം. ഗിരിജ
(മലയാളം: കവിത)

© 2022, V. M. Girija

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Sarba Sukham, a painting by Kailash Meher. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ശൂർപ്പണഖ

നിലാവ് ചുരന്ന് നനഞ്ഞ
കാടകം...
പച്ച...
രാമ, നീ അരികിൽ...
രാപ്പക്ഷികൾക്കൂടി നിശ്ശബ്ദരായ്...
കാട്ടുമുല്ല മെല്ലെമെല്ലെ-
യിതൾ തുറക്കുന്നു...
ഇലത്തുമ്പിലൂറുന്നു
നിലാവ് മുത്തായ്, മരതകമായ്,
ഇല്ല രത്നക്കണ്ണുമിന്നും
വിളക്കുകൾ,
ഇല്ല തണുത്ത
വെണ്ണക്കൽച്ചുവരുകൾ,
ഇല്ല പതുത്ത കിടക്ക,
ഇല്ല മദം ചുരത്തുന്ന
സുഗന്ധങ്ങൾ,
സ്വർണ്ണത്തിളക്കങ്ങൾ,
ഗുരുവുപദേശിച്ച
രതിസംജ്ഞകൾ...
ഉള്ളത്
ഇരുളാഴം വകഞ്ഞുതാഴും
മിഴിവിളക്ക്...
ഇരുളിലുമെല്ലാമറിയും
ഉണർന്ന മനസ്സ്...
പച്ചിലമരച്ചുവട്ടിൽ
ഏതോ കാട്ടുപെണ്ണു മറന്ന
മൺപറ്റിയ മരവുരി...
ഉൻമത്തയൗവ്വനം പോലൊഴുകുന്നു
നിലാവി,രമ്പുന്നു സിരകൾ...
കാടൊരോടക്കുഴലായി
പാടുന്നു വന്യഗീതങ്ങൾ,
ചെണ്ടയുണരുന്നു
വിരലുകൾ മിഴികളും
നിന്നിലൂന്നുന്നു...
രാമാ നീയലിയുന്നുവോ?
വിങ്ങുന്ന ഹൃത്തുമായ്
നീയെന്നിലേക്ക് ചായുന്നോ?
... ...

പക,
കണ്ണുനീർവീണു
നനഞ്ഞതാം രാവുകൾ,
അപമാനവേവിൽ തനിച്ചീ
ശിലാശയ്യയിൽ ഇന്ന് കിടന്നുരുളുമ്പോൾ...
(ഓർമ്മകൾ, ഓർമ്മകൾ...)

കറുമ്പി,
കാടത്തി
ഒളിഞ്ഞെത്ര
കണ്ടു നിൻമെയ്യാറ്റിൽ നീ
കുളിക്കേ,
രാവിൽ നിൻ പ്രിയയൊത്ത്
ചിരിച്ചിരിക്കേ,
പകമിന്നുന്നൊരമ്പായ് അടുക്കേ
തപസ്സാണ്ടു നിൻമിഴി
കൂമ്പിയിരിക്കേ...
എത്രനാൾ കണ്ടു...
പിന്നെ ഞാനറിയാതെ
താനേ മുളയ്ക്കുന്ന
കാട്ടുചെടിയായീ പ്രണയം...
നിന്റെ മുഖം,
നെഞ്ചിൻ ചന്ദനനിറം,
നിന്റെ പെണ്ണിനെ വിളിക്കവേ
അലിയും സ്വരം...
നിന്നിൽ നിറയാൻ
ഒരു രാത്രിയെങ്കിലും
നിൻ വാഴ്വെന്റെ പ്രാണനിൽ
മഴയായിത്തകർത്ത് മദിച്ചുല്ലസിച്ച്
താനേയിറ്റനീയെന്നിൽ
മുളയ്ക്കുവാൻ
എന്തൊരു കൊതി...
ഉയിരുടലും ത്രസിക്കുമെന്തൊ-
രാകർഷണമന്ത്രം,
പൗരുഷത്തിന്റെയെന്തനന്ത
സൗന്ദര്യം!
രാമ...
നീയെന്നാൽ നഗരത്തിന്റെ
പ്രാണൻ
നിന്റെ നാഡികൾതോറും പേടി,
അവിശ്വാസം,
അറിയാത്തതിൽ ചതികൾ,
ആഴങ്ങളിൽ
കയങ്ങൾ ഭയക്കുന്ന സുരക്ഷ...
പ്രണയത്തിനും ഗുരുസൂക്തികൾ,
ലയരാത്രിയിൽ
രതിവിദ്യാജ്ഞാനം,
ചുംബനങ്ങളിൽ മുദ്രാവടിവ്,
അലിവില്ലുമലിയാതലിയാതെ
ശിലയാകുമൊരുള്ളം...
സീത കടലായുയരവേ
തണുത്ത തപസ്സാലെയടക്കും
വൃഥാ ധൈര്യം...
എത്ര രാത്രികൾ,
അന്തിമങ്ങുഴക്കിനാവുകൾ
എത്ര കാറ്റുകൾ, എത്ര പൂവുകൾ
ഒരിക്കൽ ഞാൻ...
ഒറ്റയ്ക്ക് വന്നേൻ അരികിൽ...
ഇവൾ
സ്നേഹത്തിന്നാഴി കടയാൻ
പിറന്നവൾ,
ഇവൾ
സ്നേഹത്തിന്നാഴിയരികിലി-
രിക്കിലും
ഒരു തുള്ളിക്കായ് തൊണ്ട
വറ്റിവിണ്ടിരന്നവൾ,
ഇവൾ
ആണിനെയറിയാത്തോളല്ല,
സീതയായ് പതിയെ
പൂജിക്കുവോളല്ല,
വീട്ടടുപ്പിലെരിയപ്പെട്ടോളല്ല,
ധീര...
കാരിരുമ്പുടൽ അലിവാൽ
ചുരത്തിയ പാലിനാൽ
ഇളംവയർ നിറയെപ്പകർന്നവൾ,
ഈറ്റനോവറിഞ്ഞവൾ,
ഇവൾ കാടകത്തിന്റെ മനസ്സായ്-
വസന്തത്തിൽ പൂവായി,
മഴക്കാലത്തുപൊടിക്കുന്ന
വേരായി
വേനൽച്ചൂടിൽ പൊടിയായ്
പരക്കുവോൾ...
ഇവളെങ്കിലും
വന്നു നിൻമുമ്പിൽ...
സീത വിടരും കണ്ണാൽ,
നോക്കിയെന്നെ...
(കാടത്തിയെക്കണ്ട കൗതുകം
നിന്റെ കണ്ണിലും)
മറയ്ക്കുന്നതെന്തിന്? ക്ഷണിച്ചു
ഞാൻ
'വരിക നീയെന്നൊപ്പം
അനന്തദിനങ്ങളെ
ഞൊടിയായ് മാറ്റാം,
എന്റെയുടൽപ്പച്ചയിൽ
തണലിളവേൽക്കുക,
നഗരം കാണാതെത്ര
വഴികൾ, അകങ്ങൾ,
ഉറവുകൾ, ശബ്ദം, ചിരി,
സുഗന്ധമിക്കാടിന് ...'
പെണ്ണിന്നടക്കമില്ലായ്മയിൽ
ക്ഷോപിച്ചോ,
സീതയിരിക്കെ വിളിച്ചതിൽ
അപമാനിതനായോ
നോക്കി നീയെന്നെ...
(സീതയ്ക്കുള്ളിൽ കറയോ
തന്റേതെന്ന പൊലിവോ?
നഗരത്തിൽ പ്രണയമവകാശം.
രാവിലുടൽനൽകലും
കരാർതീർപ്പ്,
ഈ സുന്ദരിയുമിതുപോലെ?
അമ്പരന്നു ഞാൻ)
എന്നെ നോക്കി നീ,
മുടി,
നെറ്റിയിൽ വിയർപ്പിൻ മുത്തുകൾ,
ചെവിയിലൊറ്റപ്പൂവിൻ ചിരി,
ചുണ്ടിന്റെ നനവിൽ ക്ഷണം,
തടിക്കുഴിയിലഭിലാഷത്തിളക്കം,
മഞ്ചാടിക്കുരുമാലകൾ,
കാട്ടുകല്ലുമാലകൾ,
പൂമാലകൾ നിറയും
കഴുത്തിന്റെ കലമ്പൽ...
മുടിനാഗത്തിൻ താഴെ-
പ്പൊന്തിയുയരും മുലകളിൽ
നാണവും കൊതിച്ചൂടും...
രാമ... നീയനുജനെ വിളിച്ചു...
ഇവളേതോ കാട്ടുപെണ്ണ്...
കാമത്താൽ മുറതെറ്റിയോൾ...
പ്രണയമെന്നിതിനെ
വിളിക്കാനും
മടിയില്ലാത്തോൾ-
ഇവളെ നിലാവുള്ള രാവിൽ
ഞാൻ നിഴൽപോലെ
അരികിൽ പലവട്ടം കണ്ടു.
പച്ചിലക്കുമ്പിൾ
കാട്ടുപൂക്കളാൽ
രസംമുറ്റിയ കനികളാൽ
നിറച്ചു മറയുന്നോൾ...
കാട്ടരുവിത്തെളിനീരിൽ
ഉടലാഴമ്പോൾ
ഇവൾ നിശ്ശബ്ദയായ്
കാട്ടുമരക്കൊമ്പിന്മേൽ മിന്നും
രണ്ടു കണ്ണുകളായി...
ഇവൾ ഞാനെയ്യാനുന്നും
മാനിനെ
ക്ഷണംകൊണ്ടേയെറിഞ്ഞുവീഴ്ത്തുന്നവൾ,
ഇവൾ കാമരൂപിണി...
കാടായി,
പൂവായ്, കാട്ടുമണ്ണിന്റെ
പശിമയായ്, കാട്ടിലപ്പടർപ്പായി
മഴയായ്, വെയിലായി
നിലാവായെന്നെപ്പിന്തുടർന്നവൾ...
ഒരു രാത്രി...
നിലാവ്, കാട്ടുപൂമണം,
ഏകാന്തത,
നദിയോരത്തെക്കാറ്റിൻ
ചുണ്ടിലുത്തഗന്ധം,
രതിഗന്ധംപോലേതോ
കാട്ടുമരം പൂത്തതിൻ മണം,
കൈതമണം,
പുതുമഴ മണ്ണിനെത്തേടും സ്വരം,
ഇവൾ മായാവിനി,
കാമരൂപിണി
ഇവയായി അരികിൽവന്നെൻ
തോളിൽ തലചായ്ച്ചുവോ?
ഒരുമാത്ര ഞാനെന്നെ മറന്നോ?
... ...

ഇവളെയകറ്റുക,
ഇവളെൻ വാഴ്വിൻ
ശൂന്യസ്ഥലങ്ങൾ പരതുന്നു
മിഴികൾ തുറക്കുന്നു
മിഴിനീർ നിറയ്ക്കുന്നു'
പറയാൻതുടങ്ങിയതിങ്ങനെ...
പക്ഷേ, സ്വരം
ഇടിവാളായിക്കാട്ടുതീയായിയു-
യരുന്നു...
'ഇവളെയകറ്റുക ലക്ഷ്മണാ...
ഇവൾ നാരി
ഇവൾ പൂജ്യയാണത്രേ
കാടത്തി, കിഴവി
കാമദാഹാർത്തയെങ്കിലും
ആര്യന്മാർ നാം ഇതു
പിൻതുടരുന്നോർ...
ഇവളെക്കൊല്ലാതെതാൻ
ഇവളെത്തകർക്കുക'
നിനക്കായ് കാമച്ചൂടിലുയർന്ന്
തുടിച്ചവ,
നിനക്കായ്
വാൽസല്യത്തേൻ ചുരത്തി
നിറഞ്ഞവ,
നിൻ കണ്ണിൻ
കാന്തദണ്ഡിനാലൊരുമാത്ര-
യെങ്കിലുമറിഞ്ഞവ...
വാളിൻ മൂർച്ചകൊണ്ടിതു
ചൂഴ്ന്നെടുക്കുന്നതാർ?
അലിവൂറുമെൻ ദേഹം
ആയുധത്തിനാലെയാർ
മൂതവന്ധ്യമാക്കുന്നു?
(സീത നിന്ദയാൽ
ആശ്വാസത്താൽ
പുഞ്ചിരിച്ചുവോ?)
നീ കല്ലായ് മാറിയ
മുനിപ്പെണ്ണിന് കരളും
തുടിക്കുന്നോരുടലും
കൊടുത്തവൻ...
നിന്നിലലിയാൻ കൊതിച്ചൊരെൻ
മുഖം,
മാറിടം, സ്നേഹം...
എല്ലാം നീക്കി,
ശിലയായ് വികൃതമായ്
മൂതിയിൽ വെടികയോ?
എങ്കിലുമിതാ രാവിൽ
ഞാൻ നിൻ സ്വരമോർമ്മിക്കുന്നു
അലിവാൽ പരക്കുന്ന
നിൻ മിഴിത്തെളിമയും
മുഖസൂര്യപ്രഭയുമോർമ്മിക്കുന്നു...
ശിലയ്ക്ക് ജീവൻ നൽകാനുന്നവേ
പാതിമുറിഞ്ഞൊരാശ്ലേഷത്തിൻ
കുളിരുമോർമ്മിക്കുന്നു...
... ...



രക്തപ്പുഴയിൽ ജയിച്ചു നീ
ഒരുനാൾ വരും,
സീതയെതിരേൽക്കവേ
പൊടിപുരണ്ട്,
കണ്ണീർച്ചാലുകീറിയ
മുഖത്തു നീയലിയാതലിയാതേ
ശിലയായ്, വിജയിച്ച
യോദ്ധാവിന്നഹന്തയായ്
സ്വന്തം മുതൽ
എതിരാളിയിൽനിന്നും
നേടിയ ജേതാവായി...
അവളെത്തീക്കണ്ണാലേ കരിക്കും-
അന്നവൾ ശിലയാകുമോ?
ചുണ്ടുകൾ,
വിരൽത്തുമ്പുകൾ,
ചെവി,
മൂക്ക്
കണ്ണീര് നനയിച്ച മുലകൾ,
കരളും
നഷ്ടപ്പെട്ട്
മറ്റൊരു ഞാനാകുമോ?
ആരുനിൻ പ്രിയ?
ആര് മോഹിപ്പിച്ചാകർഷിച്ചോൾ?
ആരെ നീ നേടി...
ആരെ വെടിഞ്ഞു?
ആരു ഞാൻ? ആരു സീത?
ചോദ്യമിരുളായ് പരക്കുന്നു.

(സമകാലീന കവിത 6, 1993)

□

വി. എം. ഗിരിജ

സമകാലീന മലയാള സാഹിത്യത്തിലെ ശ്രദ്ധേയയായ കവിയാണ് വി എം ഗിരിജ. നാല് കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1961-ൽ ഷൊർണൂരിനടുത്തുള്ള പരുത്തിപ്രയിൽ ജനിച്ചു. വിദ്യാർത്ഥിയായിരുന്ന കാലം തൊട്ടുതന്നെ കവിതകൾ എഴുതിയിരുന്നു. പട്ടാമ്പി സംസ്കൃത കോളേജിൽനിന്ന് എം എ മലയാളം ഒന്നാം റാങ്കോടെ പാസായി. 1983 മുതൽ ആകാശവാണിയിൽ ജോലി ചെയ്യുന്നു. ഇപ്പോൾ കൊച്ചി എഫ് എം നിലയത്തിൽ പ്രോഗ്രാം അനൗൺസർ. പരിസ്ഥിതി പ്രവർത്തകനായ സി ആർ നീലകണ്ഠൻ ഗിരിജയുടെ ഭർത്താവാണ്.

കൃതികൾ

1. പ്രണയം ഒരാൽബം—കവിതാ സമാഹാരം (ചിത്തിര ബുക്സ്, 1997)
2. ജീവജലം—കവിതാ സമാഹാരം (കറന്റ് ബുക്സ്, 2004)
3. പാവയൂണ്—കുട്ടികൾക്കുള്ള കവിതകൾ (സൈൻ ബുക്സ്, തിരുവനന്തപുരം)
4. പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങൾ—കവിതാ സമാഹാരം
5. ഒരിടത്തൊരിടത്ത്—കുട്ടികൾക്കുള്ള നാടോടി കഥകൾ

അവാർഡുകൾ

ചങ്ങമ്പുഴ പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം (2018).

ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014